(ബി) സ്ത്രീ ശാക്തീകരണമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

(സി) റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായി നിലവിലെ കാർഡിലെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം കാർഡുടമകൾക്ക് നൽകി, വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ഫോട്ടോ എടുക്കുകയും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും ഡാറ്റാ എൻട്രിയിൽ എന്തെങ്കിലും പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുന്നതിനായി ഓൺലൈൻ മുഖേനയും പ്രിന്റ് നൽകിയും തിരുത്തൽ രേഖപ്പെടുത്തിവാങ്ങി ഡേറ്റകളുടെ കൃത്യത ഉറപ്പുവരുത്തുന്നു.

റേഷൻ കാർഡ് പുതുക്കൽ

244 (1328) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) റേഷൻ കാർഡ് പുതുക്കുന്നതിൽ വന്നിട്ടുള്ള അപാകതകൾ തിരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് എന്നാണ്; പുതിയ റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയും?

ഉത്തരം

(എ) റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായി നിലവിലെ കാർഡിലെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം കാർഡുടമകൾക്ക് നൽകി, വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ഫോട്ടോ എടുക്കുകയും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും ഡാറ്റാ എൻട്രിയിൽ എന്തെങ്കിലും പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുന്നതിനായി ഓൺലൈൻ മുഖേനയും പ്രിന്റ് നൽകിയും ഡേറ്റകളുടെ കൃത്യത ഉറപ്പുവരുത്തുന്ന നടപടി പുരോഗമിക്കുന്നു.

(ബി) ഡാറ്റാ എൻട്രി നടത്തിയതിന്റെ കൃത്യത ഉപഭോക്താക്കൾക്ക് പരിശോധിക്കുന്നതിനായി ഫോറങ്ങൾ ഓൺലൈനായി പ്രസിദ്ധപ്പെടുത്തിയും പ്രിന്റുകൾ റേഷൻ കടകൾവഴി നൽകിയും കാർഡുടമകൾക്ക് കാണുവാനുള്ള അവസരം നൽകുന്നു.

(സി) 1-1-2015-നാണ് ആരംഭിച്ചത്. മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതാണ്. പുതിയ കാർഡ് ലഭ്യമാവുന്നതു വരെ പഴയ കാർഡ് ഉപയോഗിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly